**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.7** **08.06.2015-ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം.പി.വിൻസെന്റ്**<br>**ശ്രീ.എ.റ്റി.ജോർജ്ജ്**<br>**ശ്രീ.വർക്കല കഹാർ**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികളുടെ കായികക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തമായി അളന്ന്, പരിശോധനാഫലം ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തു ന്നതിനും, അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും ലക്ഷ്യമിട്ട് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടു കൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. |
| (ബി) | ഈ പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |

പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. അനുയോജ്യമായ കായിക പ്രവർത്തന ങ്ങളിൽ പ്രത്യേകിച്ച് ഹൃദയ - ശ്വസന ക്ഷമതാ പരിപാടികളിൽ, പങ്കെടു ക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം 90%-ൽ അധികമാക്കുക.

2. 9 നും 17 നും ഇടയ്ക്കു പ്രായമുള്ള 60% കുട്ടികളേയും കൗമാരക്കാരേയും ദിവസേനയുള്ള കായിക പ്രവർത്തന ങ്ങളിൽ പങ്കെടുപ്പിക്കുക.

3. കുട്ടികളുടേയും കൗമാരക്കാരുടേയും കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തു ന്നതിനുള്ള പഠനക്രമം സ്ഥാപിക്കുക.

4. ഔദ്യോഗികമായി കായികക്ഷമത ആവശ്യമുള്ള അവസരങ്ങളിൽ അത് നേടുന്നതിന് പ്രചോദനം നൽകുക.

6. നിശ്ചിത നിലവാരത്തിന് താഴെ യുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുക

7. ടീച്ചേഴ്സ് ഗൈഡും, ദൃശ്യ സഹായിയും വികസിപ്പിച്ചെടുക്കുക.

8. സ്കൂളുകളിലും, കോളേജുകളിലും കായികക്ഷമതാ ക്ലബ്ബുകൾ സ്ഥാപിയ്ക്കാനാവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ വികസിപ്പിയ്ക്കുക.

9. സ്കൂളുകളിലും വീട്ടിലും സമൂഹത്തിലും കുട്ടികളുടെയും, യുവാക്കളുടെയും, കായിക പ്രവർത്തനസ്വഭാവം കണ്ടെത്തുക.

10. സ്കൂളുകളിലും, കലാലയങ്ങളിലുമുള്ള വിദ്യാർത്ഥികളുടെ, ആരോഗ്യം അപകട പ്പെടുത്തുംവിധമുള്ള പെരുമാറ്റ രീതികളെ അഥവാ ശീലങ്ങളെ മുൻഗണനാ ക്രമത്തിൽ കണ്ടറിഞ്ഞു നിയന്ത്രിക്കുക.

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) കളിസ്ഥലങ്ങളുടെ നിർമ്മാണവും, വികസനവും, ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി 2008-09 മുതൽ ആറ് വർഷമായി തുടർന്നുവരുന്നു. സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിപരിശോധനാ പരിപാടിയിൽ മികച്ച വിജയം കാഴ്ചവച്ച കേരളത്തിലെ 14 ജില്ലകളിലേയും ഓരോ സ്കൂളുകൾക്കും ആൺകുട്ടികളുടെ വിഭാഗത്തിനും, പെൺകുട്ടി കളുടെ വിഭാഗത്തിനും 10,000/- രൂപ വീതം ക്യാഷ് അവാർഡും, 100% വിജയം കൈവരിച്ച ജില്ലകളിലെ കോ-ഓർഡിനേറ്റർമാർക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡും നൽകി വരുന്നു. കൂടാതെ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കുന്ന രണ്ടാംഘട്ട പരിശോധനാ പരിപാടിയിൽ 'എ' ഗ്രേഡ് കരസ്ഥമാക്കുന്ന എല്ലാ കുട്ടികൾക്കും 500/- രൂപ വീതം ക്യാഷ് അവാർഡും നൽകി വരുന്നുണ്ട്. 2013-14, 2015-16 വർഷങ്ങളിൽ കായിക ക്ഷമത പരിശോധന പരിപാടികൾ നടക്കുകയുണ്ടായില്ല.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**